നം. സിഇഇ/2593/06/റ്റി.എ1.
കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം–01.

# പത്രക്കുറിപ്പ്

# എഞ്ചിനീയറിംഗ്/മെഡിക്കൽ അലോട്ട്മെന്റ് – 2007

2007 ലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ **"cee.kerala.gov.in"** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളും ആദ്യ അലോട്ട്മെന്റിൽ (01.09.2007) അഡ്മിഷൻ നേടുകയും ഇപ്പോഴത്തെ അലോട്ട്മെന്റിൽ ഉയർന്ന ഫീസ് നൽകേണ്ട കോഴ്സിന് അലോട്ട്മെന്റ് ലഭിക്കുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികളും, വെബ്സൈറ്റിൽ വിദ്യാർത്ഥികളുടെ ഹോം പേജിൽ സൂചിപ്പിക്കുന്ന ട്യൂഷൻ ഫീ / ക്വാഷൻ ഡെപ്പോസിറ്റ് **സെപ്റ്റംബർ 19, 20 തീയതികളിലും 22 ന് വൈകുന്നേരം 3 മണിവരെയും** കാനറാ ബാങ്കിന്റെ തെരെഞ്ഞെടുത്ത ശാഖകളിലൊന്നിൽ അടയ്ക്കേണ്ടതാണ്. **ഈ തീയതികളിൽ ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും പ്രസ്തുത സ്ട്രീമിലെ ഓപ്ഷനുകളും റദ്ദാകുന്നതാണ്.**

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **സെപ്റ്റംബർ 24, 25 തീയതികളിൽ** അതാതു കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. നിശ്ചിത തീയതികളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥിയുടെ അഡ്മിഷനും പ്രസ്തുത സ്ട്രീമിലെ ഓപ്ഷനുകളും റദ്ദാകുന്നതാണ്. **01.09.2007** ന് ലഭിച്ച അലോട്ട്മെന്റ് വഴി പ്രവേശനം നേടുകയും രണ്ടാമത്തെ അലോട്ട്മെന്റിൽ പുതിയ കോഴ്സ്/കോളേജിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുകയും ചെയ്ത വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനുള്ളിൽ ഫീസൊടുക്കി, മതിയായ രേഖകളോടുകൂടി പുതിയ കോളേജുകളിൽ മേൽപ്പറഞ്ഞ തീയതികളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം നിലവിലുള്ള അഡ്മിഷനും നഷ്ടപ്പെടുന്നതാണ്.

പുതിയ അലോട്ട്മെന്റിൽ കോളേജ് മാറ്റം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് ബന്ധപ്പെട്ട കോളേജുകൾക്ക് **20 നു രാവിലെ "www.cee.kerala.gov.in/capcollege"** എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് **20.09.2007** മുതൽ ബന്ധപ്പെട്ട കോളേജ് അധികൃതർ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

സ്വാശ്രയ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ് സംബന്ധിച്ച ബോണ്ട് നൽകേണ്ടതാണ്. ബോണ്ടിന്റെ മാതൃക **"cee-kerala.org."** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു സ്വാശ്രയ കോളേജിൽ നിന്നും, മറ്റൊരു സ്വാശ്രയ കോളേജിലേയ്ക്ക് കോളേജ് മാറ്റം ലഭിക്കുന്ന വിദ്യാർത്ഥികൾ ഇപ്പോൾ പ്രവേശനം നേടിക്കഴിഞ്ഞ കോളേജിൽ നൽകിയ ബോണ്ട് ക്യാൻസൽ ചെയ്യേണ്ടതും, പുതുതായി പ്രവേശനം നേടുന്ന കോളേജിൽ ബോണ്ട് നൽകേണ്ടതുമാണ്. ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ പ്രവേശനം ലഭിക്കുന്നവർ ബോണ്ട് നൽകേണ്ടതില്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
19.09.2007